ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന പെൻഷൻ ട്രഷറികളിൽ സ്ഥലസൗകര്യങ്ങൾ വളരെ പരിമിതമായതിനാലും, കെട്ടിടം ഉടമകളുടെ വിസമ്മതത്തിനാലും, പ്രാഥമികസൗകര്യങ്ങൾ നിർവ്വഹിക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ ബുദ്ധമുണ്ട്. എന്നാൽ ഗവൺമെന്റ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ട്രഷറികളിൽ ലഭ്യമായ സൗകര്യങ്ങൾ അങ്ങേയറ്റം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(സി) സർക്കാരിന്റെ പരിഗണനയിലുണ്ട്.

ഡി. എ. കുടിശ്ശിക

26 (1081) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് ലഭിക്കുവാനുള്ള 15% ഡി. എ. കുടിശ്ശിക നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കുടിശ്ശിക എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഡി .എ. അനുവദിക്കുന്നതിന് ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് താമസംവിനാ നൽകുന്നതാണ്.

ഡി. എ. കുടിശ്ശിക നൽകൽ

27 (1082) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും കേന്ദ്രം അനുവദിച്ച ക്ഷാമബത്ത മുഴുവനും ഇതിനകം അനുവദിച്ചു നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത് എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ) കേന്ദ്രസർക്കാർ 1-1-1999 മുതൽ അനുവദിച്ച 10%, 1-7-1999 മുതൽ അനുവദിച്ച 5% എന്നിങ്ങനെ രണ്ടുഗഡു ക്ഷാമബത്തകൂടി സംസ്ഥാന ജീവനക്കാർക്ക് നൽകുവാനുണ്ട്.

(ബി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് താമസംവിനാ കൊടുത്തുതീർക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly